# ‘വാഗ്ദത്തം നിറവേറാൻ’

## യെഹെസ്ക്കേൽ 37:7, 8

‘‘എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചു; ഞാൻ പ്രവചിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു; ഉടനെ ഒരു ഭൂകമ്പം ഉണ്ടായി, അസ്ഥി അസ്ഥിയോടു വന്നു ചേർന്നു. പിന്നെ ഞാൻ നോക്കി; അവയുടെമേൽ ഞരമ്പും മാംസവും വന്നതും അവയുടെമേൽ ത്വക്കു പൊതിഞ്ഞതും കണ്ടു. എന്നാൽ ശ്വാസം അവയിൽ ഇല്ലാതെയിരുന്നു’’.

ദൈവം യെഹെസ്ക്കേലിനെ ഒരു താഴ്വരയിലൂടെ കൊണ്ടുപോയതായ സമയത്ത് താൻ കാണുന്നത് ഏറ്റവും ഉണങ്ങിയ അസ്ഥികളെയാണ്. ദൈവം പ്രവാചകനോടു ചോദിച്ചു, ‘‘ഈ അസ്ഥികൾ ജീവിക്കുമോ? പ്രവാചകൻ പറഞ്ഞു: യഹോവേ, നീ അറിയുന്നു. എന്നാൽ ദൈവം പ്രവാചകനോടു പറഞ്ഞു: നീ അസ്ഥിയോടു പ്രവചിക്ക, അതു ജീവൻ പ്രാപിക്കേണ്ടതിന്. ഇവിടെ 12–ാം വാക്യത്തിൽ നാം വായിക്കുന്നു, നിങ്ങളെ ശവക്കുഴിയിൽ നിന്ന് ജീവിപ്പിക്കുവാൻ എനിക്കു മനസ്സുണ്ട്. നമ്മുടെ ശവക്കുഴി അല്ല ദൈവത്തിന്റെ പ്രശ്നം, അതിന്റെ നടുവിൽനിന്ന് നമ്മെ എഴുന്നേൽപ്പിക്കുവാൻ ദൈവത്തിനു മനസ്സുണ്ട്. ഇവിടെ 7–ാം വാക്യത്തിൽ നാം കാണുന്നു: അവൻ പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു, ഭൂകമ്പം ഉണ്ടായി, അസ്ഥി അസ്ഥിയോടു ചേർന്നു.

നമുക്ക് ഓരോരുത്തർക്കും ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിൽ വാഗ്ദത്തം ലഭിച്ചവരാണ്. എന്നാൽ നാം പറയുന്ന ഒരു കാര്യമാണ് എനിക്കു ലഭിച്ച വാഗ്ദത്തം ഇതുവരെ നിറവേറിയില്ല, എന്റെ സ്ഥിതിക്ക് മാറ്റം വന്നില്ല എന്നുള്ളത്. പലപ്പോഴും സാഹചര്യം പ്രതികൂലമായിരിക്കും, ആശയ്ക്കു വഴിയില്ല, ചുറ്റുപാടും വരണ്ട അവസ്ഥ ആയിരിക്കാം. വാഗ്ദത്തം നിറവേറണമെങ്കിൽ നാം ഒന്നാമതായി ചെയ്യേണ്ടത് ലഭിച്ച വാഗ്ദത്തം വിശ്വാസത്തോടുകൂടി അധരങ്ങളിൽകൂടി പറഞ്ഞുകൊണ്ടിരിക്കണം. ദൈവത്തിന്റെ വാഗ്ദത്തം എല്ലാം ഉവ്വ് എന്നാണ്. ഒരിടത്തും ഇല്ല എന്നു പറഞ്ഞിട്ടില്ല. രണ്ടാമത് വാഗ്ദത്തം നിറവേറുന്നതുവരെ മുഴങ്കാലിൽനിന്ന് കണ്ണുനീരോടുകൂടെ കൂടെ പ്രാർത്ഥിക്കുക. നമുക്കറിയാം കർമ്മേൽ പർവ്വതത്തിലെ ദൈവപ്രവർത്തി കണ്ടശേഷം ആഹാബ് തിന്നുകുടിക്കാൻ തന്റെ കൊട്ടാരത്തിലേക്കു പോയി. ഏലിയാവോ അടങ്ങി ഇരിക്കയല്ല ചെയ്തത്, മറിച്ച് കർമ്മേൽ പർവ്വതത്തിൽ ഇരുന്നുകൊണ്ട് മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വച്ച് നിലവിളിച്ചു പ്രാർത്ഥിച്ചു. അപ്പോൾ മനുഷ്യന്റെ കൈ പോലെ ഒരു ചെറിയ മേഘം പൊങ്ങുന്നതു കണ്ടു. ദൈവവാഗ്ദത്തം നിറവേറ്റുന്ന കൈകളെ കണ്ടു.

ഇപ്രകാരം നാം ലഭിച്ച വാഗ്ദത്തം വിശ്വാസത്തോടെ അധരം കൊണ്ടു പറയുകയും, നിറവേറുന്നതുവരെ മടുത്തുപോകാതെ പ്രാർത്ഥിക്കുകയും ചെയ്യുമെങ്കിൽ തീർച്ചയായും നമ്മുടെ പ്രശ്നങ്ങളിന്മേൽ, നമ്മുടെ രോഗങ്ങളിന്മേൽ ദൈവത്തിന്റെ കരം കാണുവാൻ സാധിക്കും. വാക്കു പറഞ്ഞവൻ വിശ്വസ്തനാണ്.

പരാമർശം :

റോമർ 4:20,21

ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു മഹത്വം കൊടുത്തു, അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു.

സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 001